# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1207 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പ്ലാസ്റ്റിക്ക് സംസ്കരണശാലകൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും പ്ലാസ്റ്റിക്ക് സംസ്കരണശാലകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്.<br>എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുവാനും 23.03.2017 ന് ചേർന്ന സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണ കോ-ഓഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ പ്രോജക്റ്റ് പ്രൊപ്പോസ്സൽ ക്ലീൻ കേരള കമ്പനി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതാണ്. |
| (ബി) | ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇങ്ങനെ സംസ്കരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഈ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന രീതിയിൽ ഷ്രെഡ്ഡിംഗ് മെഷീനുകൾ സ്ഥാപിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br>23/3/2017 ലെ സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണ കോ-ഓഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന റോഡ് നിർമ്മാണ പ്രവർത്തികളിൽ 10% റോഡ് നിർമ്മാണ പ്രവർത്തികളിൽ 8% ബിറ്റുമിനു പകരമായി പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ഷ്രെഡ്ഡ് ചെയ്താണ് റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിക്കുന്ന ടാറിൽ ചേർക്കുന്നത്. ഇവയുടെ വിപണനത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ് ചെയ്ത് നൽകുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ കിലോക്ക് 15 രൂപ വിലനൽകിയാണ് ക്ലീൻ കേരള കമ്പനി വാങ്ങുന്നത്. ഇപ്രകാരം ലഭിക്കുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ സംസ്ഥാനത്തെ വിവിധ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡ് നിർമ്മാണത്തിനായി ലഭ്യമാക്കുന്നു. ഈ ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുക അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാസ്റ്റിക് പ്രോസ്സസിംഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.<br>3.75 മീറ്റർ വീതിയിൽ ഒരുകിലോ മീറ്റർ റോഡ് നിർമ്മിക്കുവാൻ 1.3 ടൺ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ആവശ്യമാണ്. ഇതേ അളവിൽ ആവശ്യമായ താരതമ്യേന വിലകൂടിയ ബിറ്റുമിന് പകരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ, സാമ്പത്തിക ലാഭം കൈവരിക്കാനാകും എന്നതിന് പുറമേ പരിസ്ഥിതിക്ക് അതീവവിപൽകരമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയ നിർമ്മാർജ്ജനം എന്ന മഹത്തായ ലക്ഷ്യം കൂടി കൈവരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ